സി.യും തമ്മിൽ ഒപ്പിട്ട ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ഒരു ആയുർവേദ ഗവേഷണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) അക്യൂട്ട് ബ്രോമൈ ലോസൈറ്റിക് ലുക്കീമിയ, അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയ, മൾട്ടിപ്പിൾ മൈലോമ, നോൺ ഹോഡ്കിൻസ് ലിംഫോമ, മൂത്രാശയ ക്യാൻസർ, ക്രോണിക് പാൻക്രിയാറ്റൈറ്റിസ്, ഹെപ്പറ്റൈറ്റിസ്, ഇസ്തമിക് ഹാർട്ട് രോഗങ്ങൾ, കുട്ടികളിലുണ്ടാകുന്ന ആസ്മ തുടങ്ങിയ രോഗങ്ങൾക്കാണ് പ്രസ്തുത യൂണിറ്റിൽ ചികിത്സിക്കുവാൻ ഉദ്ദേശിക്കുന്നതെന്നാണ് വൈദ്യബാലേന്ദു പ്രകാശ് അവകാശപ്പെടുന്നത്.

(സി) ആയുർവേദ ഗവേഷണ പദ്ധതിക്കുവേണ്ടി സർക്കാർ 10 ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

(ഡി) ആർ.സി.സി.യിൽ വിവിധ മേഖലകളിൽ ക്യാൻസർ ഗവേഷണം നടക്കുന്നുണ്ട്. അവയുടെ പ്രധാന ലക്ഷ്യം പുതിയ മരുന്നുകൾ വികസിപ്പിക്കച്ചെടുക്കുക എന്നതാണ്. ഇക്കൂട്ടത്തിൽ പാരമ്പര്യ ഔഷധങ്ങളും ഉൾപ്പെടുന്നു.

(ഇ) പാരമ്പര്യ ഔഷധ വികസനം സംബന്ധിച്ച് പ്രാഥമിക പരീക്ഷണങ്ങൾ നടന്നുവരുന്നതേയുള്ളൂ. അവയുടെ ഫലപ്രാപ്തി വിലയിരുത്തിയ ശേഷം മാത്രമേ അവയുടെ ഉൽപ്പാദനം സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാനാവൂ. ഈ ഗവേഷണ യൂണിറ്റിൽ പഠനത്തിന് വിധേയരാകുന്ന രോഗികളിൽനിന്നും വൈദ്യ ബാലേന്ദു പ്രകാശ് റിസർച്ച് ഫൗണ്ടേഷൻ മരുന്നിന്റെ വിലയായി ദിവസം 90 രൂപ എന്ന നിരക്കിൽ ഈടാക്കുന്നുണ്ട്. റീജിയണൽ ക്യാൻസർ സെന്റർ ഈ രോഗികൾക്ക് സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അവയിൽനിന്നും യാതൊരു ഫീസും ഈടാക്കുന്നില്ല.

12 (*461) പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് ഇപ്പോൾ നടത്തിവരുന്ന പ്രവത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാന ഗവൺമെന്റ് പുതുതായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഗ്രാമീണ ജനങ്ങളിൽ എത്തിക്കുവാൻ ഈ വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(സി) വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ഗ്രാമപഞ്ചായത്ത് തലങ്ങളിലും വില്ലേജ് തലങ്ങളിലും എത്തിക്കുവാനും അത് ജനപ്രതിനിധികൾക്കും മറ്റു സന്നദ്ധ സംഘടനകൾക്കും പ്രവർത്തകർക്കും നൽകുവാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ ഇ.കെ. നായനാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗവൺമെന്റിന്റെ നയപരിപാടികൾക്കും വികസന ക്ഷേമ പദ്ധതികൾക്കും വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകുകയാണ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മുഖ്യ പ്രവർത്തനം. കൂടാതെ വിവിധ സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും പരസ്യങ്ങൾ പത്രക്കാർക്ക് നൽകുക, ഗവൺമെന്റുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുക. പത്ര പ്രവർത്തകരുടെ ക്രെഡിറ്റേഷൻ, പെൻഷൻ തുടങ്ങിയവ വിതരണം ചെയ്യുക എന്നീ പ്രവർത്തനങ്ങളും ഈ വകുപ്പ് നിർവഹിക്കുന്നുണ്ട്.

(ബി) സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികൾ ഗ്രാമീണ ജനങ്ങളിൽ എത്തിക്കുന്നതിനായി അവ സംബന്ധിച്ച ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ഉൾപ്പെടുത്തി പ്രദർശനങ്ങൾ ഗ്രാമീണമേഖലയിൽ സംഘടിപ്പിക്കുകയും വീഡിയോ ചിത്രങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(സി)&(ഡി) ഉണ്ട്. പി.ആർ.ഡി.യുടെ മാസികാ പ്രസിദ്ധീകരണങ്ങളായ ജനപഥം (മലയാളം), കേരളാ കാളിംഗ് (ഇംഗ്ലീഷ്) എന്നിവ തപാൽ മാർഗ്ഗം ജനപ്രതിനിധികൾക്ക് അയച്ചുകൊടുക്കുന്നുണ്ട്. ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഭരണസമിതി അംഗങ്ങൾക്ക് ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ മുഖേന പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുന്നുണ്ട്. പി.ആർ.ഡി. പ്രസിദ്ധീകരണങ്ങൾ ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ മുഖേന ഗ്രാമപഞ്ചായത്തുതലംവരെ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

13 (*462) പ്രൈമറി എൻവയൺമെന്റ് കെയർ സ്കീം

ശ്രീ. എ.കെ. മണി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രൈമറി എൻവയൺമെന്റ് കെയർ സ്കീം എവിടെയെല്ലാമാണ് നടപ്പാക്കുന്നത്;

(ബി) ഈ പദ്ധതിപ്രകാരം എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതിയിൽ കൊതുകു നശീകരണം ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ;

(ഡി) പരിസ്ഥിതിയുടെ പ്രതികൂലംമൂലം തുടർച്ചയായി രോഗമുണ്ടാകുന്ന സ്ഥലങ്ങളിൽ ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്ത് പ്രൈമറി എൻവയൺമെന്റ് കെയർ സ്കീം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് കോർപ്പറേഷനുകളിലെ 9 ഹൗസിംഗ് കോളനികളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ 6 ഹൗസിംഗ് കോളനികളിലാണ് ഇപ്പോൾ ഈ പരിപാടി പരീക്ഷണാർത്ഥം ആരംഭിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly